# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ.4150 16.03.2017 ലെ മറുപടി**

## കുളങ്ങളും അരുവികളും സംരക്ഷിക്കാനും നവീകരിക്കാനും പദ്ധതികൾ

| ചോദ്യം | | മറുപടി |
| --- | --- | --- |
| **ശ്രീ.സി.ദിവാകരൻ:** | | **മാത്യു ടി. തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി)** |
| (എ) സംസ്ഥാനത്ത് നിലവിലുള്ള കുളങ്ങളും അരുവികളും സംരക്ഷിക്കാനും നവീകരിക്കാനും എന്തൊക്കെ നടപടികൾ സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ; | (എ) | നിലവിലുള്ള ജലസ്രോതസ്സുകളുടെ നവീകരണവും ശുദ്ധീകരണവും ഉറപ്പാക്കുന്നതു വഴി പ്രാദേശിക തലത്തിൽ ജലസേചനത്തിനും കുടിവെള്ള വിതരണത്തിനും ഉതകുന്ന ഒരു പുതിയ ജല ഉപയോഗ സംസ്കാരം രൂപപ്പെടുത്തുന്നതിനാണ് ഹരിത കേരളം പദ്ധതി ഊന്നൽ നല്കുന്നത്. ഇതിന്റെ ആദ്യ ഘട്ടമായി 320 കോടി രൂപ ചിലവിൽ ഏകദേശം 9453 കുളങ്ങൾ നവീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതനുസരിച്ച് കുളങ്ങളിലെ മാലിന്യം, ചെളി, പായൽ ഇവ നീക്കം ചെയ്ത് അവയുടെ സംഭരണ ശേഷി വർദ്ധിപ്പിച്ച് കാർഷികാവശ്യങ്ങൾക്കും മറ്റു പാരിസ്ഥിതിക ധർമ്മങ്ങൾക്കും ജല ലഭ്യത ഉറപ്പാക്കാൻ സാധിക്കുന്നതാണ്. ജലസേചന വകുപ്പിന്റെ നേതൃത്വത്തിൽ MNREGS ൽ ഉൾപ്പെടുത്തി ജില്ലാ ഭരണകൂടം മുഖേനയാണ് പ്രവൃത്തി നടപ്പാക്കുന്നത്.<br><br>കുടിവെള്ള ലഭ്യത ഉറപ്പാക്കുക, കാർഷികാവശ്യങ്ങൾക്കും പരിസ്ഥിതിക ധർമ്മങ്ങൾക്കാവശ്യമായ ജലം ലഭ്യമാക്കുക എന്നീ ഉദ്ദേശ്യ ലക്ഷ്യങ്ങളോടെ തടയണകൾ, വി.സി.ബി /ആർ.സി. ബി കൾ എന്നിവ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി നടപ്പാക്കി വരുന്നു. |

| | |
|---|---|
| (ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നെടുമങ്ങാട് നിയോജക മണ്ഡലത്തിലെ ഏതെല്ലാം കുളങ്ങളാണ് നവീകരിക്കാൻ അനുമതി നൽകിയതെന്ന് വ്യക്തമാക്കുമോ: വിശദാംശം നൽകുമോ: | (ബി) & (സി)<br><br>ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നെടുമങ്ങാട് നിയോജക മണ്ഡലത്തിൽ കുളങ്ങൾ നവീകരിക്കാൻ അനുമതി നൽകിയിട്ടില്ല. |
| (സി) ഇതിനായി അനുവദിച്ച തുക എത്രയെന്ന് വ്യക്തമാക്കുമോ? | |

**സെക്ഷൻ ഓഫീസർ**